**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 516** **10-02-2025 - ൽ മറുപടിയ്ക്ക്**

**പാലക്കോട്-എട്ടിക്കുളം ഹൈസ്കൂൾ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട് - എട്ടിക്കുളം ഹൈസ്കൂൾ റോഡ് പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | പയ്യന്നൂർ-കല്യാശ്ശേരി മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന മാടായി എട്ടിക്കുളം എച്ച്.എസ് റോഡും വെങ്ങര ഓവർബ്രിഡ്ജ് നിർമ്മാണവും എന്ന പ്രവർത്തിയാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. കെ.ആർ.എഫ്.ബിയാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. പദ്ധതിയുടെ ഒന്നാം ഘട്ടമായി വെങ്ങര ഓവർബ്രിഡ്ജ് നിർമ്മാണത്തിന്റെ ധനാനുമതി കിഫ്ബി നൽകുകയും പദ്ധതിയുടെ പ്രവൃത്തി നടന്നുവരുകയുമാണ്. പാലക്കോട് എട്ടിക്കുളം റോഡിന്റെ നവീകരണം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി റിവിഷൻ സമർപ്പിച്ചിരുന്നു. തുടർന്ന് പരിശോധനയിൽ വാഹന ഗതാഗതം കുറവാണെന്നു കാണുകയും ധനാനുമതി നൽകുന്നതിൽ നിന്നും താൽക്കാലികമായി മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ബഹു എം എൽ എ യുടെ 25-09-2024 ലെ കത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി മാറ്റിവെക്കുവാനുള്ള തീരുമാനം പുനഃ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് കെ ആർ എഫ് ബി യിൽ നിന്നും റിപ്പോർട്ട് തേടുകയുണ്ടായി. കെ ആർ എഫ് ബിയിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം പ്രസ്തുത റോഡ് ഏഴിമല നാവിക അക്കാദമിയിലേക്കുള്ള പ്രധാന പാതയാണെന്നും റോഡ് വളരെ മോശം അവസ്ഥയിലാണെന്നും അറിയിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത റോഡ് പൊതുമരാമത്തു വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം 23-12-2024 നു കിഫ്ബി സി.ഇ.ഒ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും പ്രസ്തുത റോഡിൽ ട്രാഫിക് സാന്ദ്രത കുറവായതിനാലും കിഫ്ബി മാനദണ്ഡപ്രകാരം വികസിപ്പിക്കുവാൻ കഴിയാത്തതിനാലും നിലവിലുള്ള വീതിയിൽ റോഡ് |

| | | | |
|---|---|---|---|
| | | | Deposit Work ആയി വികസിപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ